# വരക്കാൻ പഠിക്കാം

**18**



**പോൾ കല്ലാനോട്**

*പ്രശസ്തനായ കാർട്ടൂണിസ്റ്റും ചിത്രകാരനും കവിയും. കൂടാതെ വർഷങ്ങളായി ചിത്രകലാധ്യാപകനായി പ്രവർത്തിച്ചുവരുന്നു.*



ചിത്രരചനയിലെ ഒരു കാര്യവും ഒരു പ്രത്യേക ക്രമത്തിൽ പറഞ്ഞുതരാൻ കഴിയില്ല. ഇത്രയും നാൾ പറഞ്ഞത് ഡ്രോയിംഗ് അഥവാ പ്രാഥമിക രചനാ പാഠങ്ങളെ സംബന്ധിച്ചാണ്. ഇതു കഴിഞ്ഞിട്ടാവണം പെയിന്റിംഗിനെ കുറിച്ച് പറയാൻ എന്ന് നിർബന്ധമൊന്നുമില്ല. നിറങ്ങളെ കുറിച്ച് തുടക്കക്കാർക്കു വേണ്ടി ചിലതു പറയാം.

നിറങ്ങളിൽ പ്രാഥമിക വർണങ്ങളെന്നു പറയുന്നത് മഞ്ഞ, നീല, ചുവപ്പ് എന്നിവയാണ്. മറ്റു നിറങ്ങളൊന്നും മിക്സ് ചെയ്ത് ഇവയെ ഉണ്ടാക്കാനാവില്ല. എന്നാൽ ഇവ മിക്സ് ചെയ്ത് പല നിറങ്ങളുമുണ്ടാക്കാം.

ഉദാഹരണത്തിന് മഞ്ഞയും നീലയും ചേർത്താൽ പച്ചയുണ്ടാകും. മഞ്ഞയും ചുവപ്പും ചേർത്താൽ ഓറഞ്ചു നിറമുണ്ടാകും. നീലയും ചുവപ്പും ചേർത്താൽ വയലറ്റ് അഥവാ പർപ്പിൾ എന്ന നിറവും ഉണ്ടാക്കാം.

ഏത് പച്ച, ഏത് ഓറഞ്ച്, ഏത് വയലറ്റ് എന്നു ചോദിച്ചാൽ അവ തമ്മിൽ ചേർക്കുന്നതിന്റെ അളവ് പോലെയിരിക്കും. മഞ്ഞയോട് ചേർക്കുന്ന നീല കൂടിയാൽ കടുംപച്ചയാകും. മഞ്ഞയാണു കൂടുതലെങ്കിൽ ഇളം പച്ചയുമാകും. വാട്ടർ കളർ ആണെങ്കിൽ വെള്ളം കൂടുതൽ ചേർത്താൽ പിന്നെയും ലൈറ്റ് ആകും. ഓയിൽ കളറാണ് നിങ്ങൾ ഉപയോഗിക്കുന്നതെങ്കിൽ വെള്ളനിറം തന്നെ ചേർത്ത്

▸▸ വിളക്കേന്തിയ വനിത എന്നറിയപ്പെടുന്നത്– ഫ്ളോറൻസ് നൈറ്റിംഗ് ഗേൽ

ലൈറ്റ് ആക്കാം.

പ്രാഥമിക വർണ്ണങ്ങളായ മഞ്ഞയും നീലയും ചുവപ്പും ചേർത്താൽ  ഒരു ഗ്രേ കളറാണുണ്ടാകും. അതിലും പല നിറങ്ങൾ ചേർത്ത് നിങ്ങൾക്കിഷ്ടമുള്ള നിറങ്ങളെ സൃഷ്ടിക്കാം, ആവശ്യമാണ് പ്രധാനം. നിങ്ങൾക്കതിനുള്ള സ്വാതന്ത്ര്യമുണ്ട്.

നിറങ്ങളിൽ കറുപ്പ് പെടില്ല എന്നാണ് മുമ്പൊക്കെ പറയാറ്. നിറങ്ങളുടെ ഇല്ലായ്മയാണ് കറുപ്പ് എന്നാണ് ന്യായം. പക്ഷേ നമ്മൾ കാണുന്ന പെയിന്റിംഗുകളിൽ കറുപ്പിന്റെ സാന്നിധ്യമുണ്ട്.  രേഖാ ചിത്രങ്ങൾ പോലുള്ളവ പലതും കറുപ്പിൽ തന്നെയാണ് രചിക്കപ്പെടുന്നത്. അതുകൊണ്ട് കലയിൽ കറുപ്പ് ഒഴിവാക്കാനാകില്ലല്ലോ.

നിറങ്ങളുടെ പ്രാഥമികമായ അറിവു കിട്ടിയാൽ ബാക്കി നിങ്ങളുടെ പണിയാണ്. ചാലിച്ചെടുത്ത് നമുക്കാവശ്യമുള്ള ഇടങ്ങളിൽ വേണ്ടതെന്തെന്ന് തീരുമാനിക്കാൻ നിങ്ങൾക്കു തന്നെയാണ് ഉത്തരവാദിത്വം. ചിലപ്പോൾ നിങ്ങളുടെ കളർബോക്സിൽ പച്ചയുണ്ടെങ്കിലും നിങ്ങളുദ്ദേശിക്കുന്ന പച്ചക്ക് നീലയും മഞ്ഞയും ചേർത്ത്, അതുപോലെ മറ്റു നിറങ്ങൾ ചേർത്ത് നിങ്ങൾ തന്നെ പരീക്ഷണം നടത്തണം. പച്ച കലാകാരനെ സംബന്ധിച്ച് പ്രധാനപ്പെട്ട നിറമാണ്. നിങ്ങൾക്കതിൽ പരീക്ഷണങ്ങൾ നടത്താം, നടത്തണം. വേറെയുമുണ്ട് നിറങ്ങളുടെ വിശേഷങ്ങൾ, പറയാം.

(ഇനി അടുത്തപാഠം)




